പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2332 **27-10-2026-ൽ മറുപടിയ്ക്ക്**

പത്തനാപുരം മണ്ഡലത്തിലെ വ്യവസായ പാർക്കുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജ്യോതികുമാർ ചാമക്കാല

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) പത്തനാപുരം മണ്ഡലത്തിൽ എത്ര വ്യവസായ പാർക്കുകളാണ് ഉള്ളതെന്നും അവയുടെ പ്രവർത്തന നിലവാരം എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

മറുപടി: പത്തനാപുരം മണ്ഡലത്തിൽ, ചുവടെ ചേർത്തിരിക്കുന്ന 3 വ്യവസായ പാർക്കുകൾ നിലവിലുണ്ട്.

1) റബർ പാർക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പിറവന്തൂർ, കൊല്ലം

ഈ പാർക്ക്, ആകെ 20 ഏക്കറിലായി സ്ഥിതി ചെയ്യുന്നു. ഇതിൽ 10.58 ഏക്കർ സ്ഥലത്തായി രണ്ട് വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

2) കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, പിറവന്തൂർ, കൊല്ലം

കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, ആകെ 30.33 ഏക്കറിലായി സ്ഥിതി ചെയ്യുന്നു. അതിൽ 17.975 ഏക്കർ ഭൂമി സംരംഭകർക്ക് നൽകുവാനുണ്ട്. മൊത്തം 15 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 11 കമ്പനികൾക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഭൂമിയും 4 കമ്പനികൾക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടത്തിൽ സ്ഥലവും അനുവദിച്ചിട്ടുണ്ട്.

3) സെഹബ് ടെക്നോപാർക്ക് പ്രൈവറ്റ് ലിമിറ്റഡ്, പട്ടാഴി

ഈ വ്യവസായ പാർക്ക്, ആകെ 12.62 ഏക്കറിലായി സ്ഥിതി ചെയ്യുന്നു. ഈ 12.62 ഏക്കറും ഡെവലപ്പ് ചെയ്തു വരുന്നു. അതിൽ M/s. Royal Wood Products – ന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ